ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.10.2024**

## പ്രധാനവാർത്തകൾ

1. ബഹിരാകാശ മേഖലയിലെ സ്റ്റാർട്ട്-അപ്പുകൾക്കായി 1,000 കോടി രൂപയുടെ വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട് സജ്ജീകരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം
2. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.
3. എ ഡി എം, നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ സമർപ്പിച്ച മുൻ കൂർ ജാമ്യാപേക്ഷയിൽ കോടതി ചൊവ്വാഴ്ച വിധി പറയും.
4. അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ഡ്രോൺ സർവേയ്ക്ക് സംസ്ഥാനത്ത് തുടക്കം.
5. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. 'ദാന' ചുഴലിക്കാറ്റ് ഒഡീഷാ തീരത്തോട് അടുക്കുന്നു. തീരദേശജില്ലകളിൽ ശക്തമായ കാറ്റും മഴയും. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി.

******************************************

RNU TVPM

## കേന്ദ്ര മന്ത്രിസഭ

ബഹിരാകാശ മേഖലയിലെ സ്റ്റാർട്ട്-അപ്പുകൾക്കായി 1,000 കോടി രൂപയുടെ വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട് സജ്ജീകരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. ഉപഗ്രഹ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള മേഖലകളിൽ നൂതനാശയങ്ങൾക്ക് പ്രോത്സാഹനം നൽകി ബഹിരാകാശ മേഖലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അഞ്ച് വർഷത്തേക്ക് ക്രമീകരിക്കുന്ന ഫണ്ടിലൂടെ പ്രതിവർഷം 150 കോടി മുതൽ 250 കോടി രൂപ വരെ നിക്ഷേപസഹായം ഉറപ്പുവരുത്തും. ആന്ധ്രാപ്രദേശിലെ അമരാവതിയിൽ നിന്ന് ഹൈദരാബാദ്, ചെന്നൈ, കൊൽക്കത്ത തുടങ്ങിയ നഗരങ്ങളിലേക്ക് റെയിൽ കണക്റ്റിവിറ്റി വ്യാപിപ്പിക്കാൻ 2,245 കോടി രൂപയുടെ നിക്ഷേപത്തിനും കേന്ദ്രമന്ത്രിസഭ അനുമതി നൽകി.

*************************************

## തിരഞ്ഞെടുപ്പ് ജനറൽ

RNU TVPM

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ ഇതിനകം തന്നെ പത്രിക സമർപ്പിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിലേക്കും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള വോട്ടെടുപ്പ് അടുത്ത മാസം 13 നാണ്. ഫലപ്രഖ്യാപനം നവംബർ 23 ന് നടക്കും.

*************************************

## വയനാട് - തെരഞ്ഞെടുപ്പ്.. ഇൻട്രോ

വയനാട്ടിൽ എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസും ഇന്ന് നാമനിർദേശ

പത്രിക സമർപ്പിച്ചു. യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി ഇന്നലെ പത്രിക സമർപ്പിച്ചിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്...**

(വോയ്സ്)

************************************

## നാമ നിദ്ദേശ പത്രിക

പാലക്കാട് നിയമസഭാ മണ്ഡലത്തിലേക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലും എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിനും ഇന്ന് നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു. എൻ. ഡി. എ സ്ഥാനാർഥി സി.കൃഷ്ണകുമാർ ഇന്നലെ പത്രിക സമർപ്പിച്ചിരുന്നു. ഇതോടെ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ പത്രിക സമർപ്പിച്ചവരുടെ എണ്ണം ഏഴായി. എൽഡിഎഫ്, യുഡിഎഫ്, എൻഡിഎ സ്ഥാനാർത്ഥികൾ ഇന്നലെ നാമനിർദ്ദേശപത്രിക സമർപ്പിച്ചതോടെ ചേലക്കര മണ്ഡലവും വാശിയേറിയ തിരഞ്ഞെടുപ്പ് പ്രചാരണത്തിലേക്ക് കടന്നു.

RNU TVPM

************************************

## മുൻ കൂർ ജാമ്യാപേക്ഷ

കണ്ണൂർ എ ഡി എം, നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി ദിവ്യ നൽകിയ മുൻ കൂർ ജാമ്യാപേക്ഷയിൽ കോടതി ചൊവ്വാഴ്ച ഉത്തരവ് പുറപ്പെടുവിക്കും. ഹർജിയിൽ ഇന്ന് തലശ്ശേരി ജില്ലാ സെഷൻസ് കോടതി വിശദമായ വാദം കേട്ടു. എഡിഎമ്മിൻറെ മരണകാരണം വ്യക്തിഹത്യയാണെന്നും 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണിതെന്നും പ്രോസിക്യൂഷൻ കോടതിയിൽ വാദിച്ചു. എന്നാൽ എ ഡി

എമ്മിന്റെ യാത്രയയപ്പ് ചടങ്ങിൽ പി പി ദിവ്യ സദുദ്ദേശപരമായാണ് സംസാരിച്ചതെന്നും ആത്മഹത്യക്ക് കാരണമാകുന്ന ഒന്നും പറഞ്ഞിട്ടില്ലെന്നും ദിവ്യയുടെ അഭിഭാഷകൻ പറഞ്ഞു.

************************************

## ഡ്രോൺ സർവേ

അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ഡ്രോൺ സർവേയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. മൈനിങ്ങ് ആൻഡ് ജിയോളജി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന സർവേ തിരുവനന്തപുരത്ത് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. പെരുങ്കടവിള ഡെൽറ്റ ക്വാറിയിൽ നടന്ന ചടങ്ങിൽ ഡ്രോൺ സർവേ പോർട്ടലും മന്ത്രി ഉദ്ഘാടനം ചെയ്തു. ഡ്രോൺ സർവേയിലൂടെ ഖനന മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാകുമെന്ന് ശ്രീ പി.രാജീവ് പറഞ്ഞു. ഖനനാനുമതിയ്ക്ക് അപേക്ഷിക്കുന്ന സ്ഥലങ്ങളിൽ നിയമാനുസൃതമായി ഖനനം ചെയ്യാവുന്ന ധാതുവിന്റെ അളവും, അനധികൃത ഖനനവും കൃത്യതയോടെ കണക്കാക്കുന്നതിന് ഡ്രോൺ സർവേയിലൂടെ സാധിക്കും.

RIJU TVPM

************************************

## ഗവർണർ - ഉത്തരവ്

കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലറായി ഡോ മോഹനൻ കുന്നുമ്മലിനെ പുനർ നിയമിച്ച് ഉത്തരവിറക്കി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ . അഞ്ച് വർഷത്തേക്കാണ് പുനർ നിയമനം . കേരള സർവ്വകാലാശാല വൈസ് ചാൻസലറുടെ അധിക ചുമതലയും ശ്രീ മോഹനൻ കുന്നുമ്മലിന് നൽകിയിട്ടുണ്ട്.

************************************

## ദാന ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട തീവ്ര ചുഴലിക്കാറ്റ് ദാന, ഇന്ന് രാത്രിയോടെയോ, നാളെ പുലർച്ചെയോടെയോ ഒഡീഷാ തീരത്ത് പ്രവേശിക്കും. അതിശക്തമായ മഴയും, കാറ്റും, ഉയർന്ന തിരമാലയുമാണ് ഒഡീഷയുടെ തീരദേശജില്ലകളിൽ ഇപ്പോൾ അനുഭവപ്പെടുന്നത്. ദുരന്ത സാധ്യതാ മേഖലയിൽ നിന്നും ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. ഭുവനേശ്വർ വിമാനത്താവളത്തിൽ നിന്നുള്ള വിമാന സർവീസുകളും 200 ലേറെ ട്രെയിൻ സർവീസുകളും റദ്ദാക്കി. സ്കൂളുകൾക്കും, സർക്കാർ സ്ഥാപനങ്ങൾക്കും നാളെ വരെ അവധി നൽകിയിരിക്കുകയാണ്. ദുരന്തനിവാരണ സേനയേയും, അഗ്നിരക്ഷാ വിഭാഗത്തെയും മേഖലയിൽ വിന്യസിച്ചിട്ടുണ്ട്.

RNU TVPM

***********************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വ്യാപക മഴ തുടരും. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ ഇന്നും കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെയും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മൽസ്യ ബന്ധനത്തിന് പോകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

***********************************

## പ്രതിഷേധ മാർച്ച്-കണ്ണൂർ

എ ഡി എം, നവീൻ ബാബുവിന്റെ മരണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുക, പി പി ദിവ്യയെ അറസ്റ്റ് ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് മഹിളാ മോർച്ച കണ്ണൂർ കമ്മീഷണർ ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ

സംഘർഷം. പൊലിസ് ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകർ ജില്ലാ പഞ്ചായത്ത് ഓഫിസിലേക്ക് ഓടി കയറിയതോടെ, പ്രവർത്തകരും പൊലീസുമായി ഉന്തുംതള്ളുമുണ്ടായി. പുരുഷന്മാരായ പൊലീസുകാർ ബലം പ്രയോഗിച്ചു ജീപ്പിൽ കയറ്റിയെന്ന് മഹിളാ മോർച്ച നേതാക്കൾ ആരോപിച്ചു.

*************************************

## പണിമുടക്ക് പിൻവലിച്ചു

കണ്ണൂർ-തലശ്ശേരി റൂട്ടിൽ സ്വകാര്യ ബസ്സുകൾ മൂന്നു ദിവസമായി നടത്തിവന്ന പണിമുടക്ക് പിൻവലിച്ചു. എടക്കാട് നടാൽ റെയിൽവേ ഗേറ്റ് കടന്നുവരുന്ന വാഹനങ്ങൾക്ക് ദേശീയപാതയുടെ സർവീസ് റോഡിലേക്ക് വഴിയൊരുക്കണമെന്ന് ആവശ്യപ്പെട്ടാണ് സമരം നടന്നത്. വിഷയം ദേശീയപാത അതോറിറ്റിയുമായി ഈ മാസം 29 ന് മുൻപ് ചർച്ച ചെയ്ത് നടപടി സ്വീകരിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ സാന്നിധ്യത്തിൽ കലക്ടറേറ്റിൽ നടന്ന ചർച്ചയിൽ ഉറപ്പ് ലഭിച്ചതിൻറെ അടിസ്ഥാനത്തിലാണ് സമരം പിൻവലിച്ചത്.

RNUTVPM

*************************************

## വിനോദസഞ്ചാരം... ഇൻട്രോ

കോട മഞ്ഞും തണുപ്പും പ്രകൃതി മനോഹാരിതയും ആസ്വദിക്കുന്നതിനൊപ്പം ബോട്ട് സവാരിയും കയാക്കിങ്ങും നടത്താനായി മൂന്നാറിലേക്ക് സഞ്ചാരികളുടെ ഒഴുക്ക്. മഴക്കാലം അവസാനിക്കുന്നതോടെ തിരക്ക് ഇനിയും വർദ്ധിക്കും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

*************************************

## ഇന്ത്യ-ന്യൂസിലാൻറ് ടെസ്റ്റ്

ഇന്ത്യ-ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് ഒന്നാം ഇന്നിങ്സിൽ ന്യൂസിലൻറ് 259 റൺസിന് പുറത്തായി. ഇന്ത്യക്കായി വാഷിംഗ്ഡൺ സുന്ദർ 7 വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ ഒന്നാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ, ഒരു വിക്കറ്റ് നഷ്ടത്തിൽ 16 റൺസ് എന്ന നിലയിലാണ്. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ന്യൂസിലാൻഡ് 1-0ന് മുന്നിലാണ്.

*************************************

## വനിതാ ക്രിക്കറ്റ്

ഇന്ത്യയും ന്യൂസിലന്റും തമ്മിലുള്ള വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ കിവീസിന് 228 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ 44.3 ഓവറിൽ 227 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗിനിറങ്ങിയ ന്യൂസിലന്റ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 18.3 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 79 റൺസ് എടുത്തിട്ടുണ്ട്.

RNU TVPM

*************************************

## ഓഹരി/സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 17 പോയിൻറ് താഴ്ന്ന് 80,065 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 36 പോയിൻറ് നഷ്ടത്തിൽ 24,399 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു . ഗ്രാമിന്

55 രൂപ താഴ്ന്ന് 7,285 രൂപയും പവന് 440 രൂപ കുറഞ്ഞ് 58,280 രൂപയുമാണ് ഇന്നത്തെ വില .

*****************************************

ലോഗോ - പ്രകാശനം

വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്-2025 ൻറെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ മന്ത്രി പി.രാജീവ് പങ്കെടുത്തു.

************************************************************************************
************************************************************

RNU TVPM